ഉത്തരം

(എ ആന്റ് ബി) ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക കൊള്ളിക്കേണ്ടിയിരിക്കുന്നു. ബഡ്ജറ്റിൽ തുക കൊള്ളിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് നടപടി

103 [719] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായുള്ള ഭരണാനുമതിക്ക് നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) ഇതിനായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി എന്നത്തേയ്ക്ക് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെട്ടിട നിർമ്മാണത്തിനായുള്ള Rough cost estimate തയ്യാറാക്കി വരുന്നു.

(സി) വിശദമായ പ്ലാനും എസ്റ്റിമേറ്റും മറ്റു അനുബന്ധ വിവരങ്ങളും തയ്യാറാക്കേണ്ടതായുണ്ട്.

ആലപ്പുഴ വിജിലൻസ് ഡിവൈ.എസ്.പി. ഓഫീസിന് കെട്ടിടം നിർമ്മിക്കുവാൻ നടപടി

104 [720] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വിജിലൻസ് ഡിവൈ.എസ്.പി. ഓഫീസിന് കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly